● കവിതകൾ

# കെടാവിളക്ക്

ഊതിയണക്കുവാൻ
പതിയിരുന്നിട്ടുണ്ട്,
കെട്ട കരിന്തിരിക്കായ്
കാത്തുനിന്നിട്ടുണ്ട്.
അണയാതെ തെളിഞ്ഞ
കനൽവെളിച്ചമായ്
പടർന്ന ചരിത്രമിന്നും
അണയാതെ നിൽപ്പുണ്ട്.
പുറന്തള്ളപ്പെട്ട
ചതുപ്പിന്നാഴങ്ങളിൽ
നാടുവാഴുവാനാ-
യൊരുത്തനുയർന്നതും,
ത്യാഗാർപ്പണത്തെ
സാർഥകമാക്കുവാൻ
തീനാമ്പുകൾ തെല്ലിട
നിയോഗം മറന്നതും,
ചതിക്കു പിറകിലൊളിച്ച
പകയോങ്ങിയ കൈകൾ
നിയോഗമറിഞ്ഞ് വിറച്ച്
ദയതേടിയുയർന്നതും,
മൂർച്ചയുറഞ്ഞുതുള്ളിയ
പ്രതികാരഖഡ്ഗം
ചാഞ്ചല്യമേശാത്ത
ധർമത്തിൽ പകച്ച്
പൂഴിയിൽ പതിച്ചതും,
പടഹാരവങ്ങളിൽ
പതറാതെ പരിപാലക-
വിശ്വാസക്കൊടിക്കീഴിൽ
വിജയം വരിച്ചതും,
ജീവനെക്കാളും
ധർമത്തെ ലാളിച്ച
ധീരതക്കു മുന്നിൽ
അഹന്തയുടുത്ത
പാമരവേതാളങ്ങൾ
നട്ടം തിരിഞ്ഞതും
ചരിത്രത്തിലിന്നും
അണയാതെ നിൽപ്പുണ്ട്.

● അനസ് മാള

# ഭേദം

കഴുതകൾ
കുറെ ദൂരെവരെ നടക്കും
ചരിത്രം അവർക്കു പിറകി
ലാണെന്ന പോലെ

സിംഹങ്ങൾ
ആനകൾക്കു നേരെ ചാടും
കരിമ്പുകൊണ്ടു ജീവിക്കാൻ
കഴിയാതെ

നായ
യജമാനന് കാവൽനിൽക്കും
വീടു കത്തുന്നതുവരെ

ദേശസ്നേഹികളുടെയും
കള്ളന്മാരുടെയും തലകൾക്ക്
കഴുകന്മാർ ഭേദം കൽപിക്കു
ന്നില്ല.

● സത്യചന്ദ്രൻ
പൊയിൽക്കാവ്

# ചാവേർ

അസ്തിത്വ ദുഃഖത്തിന്റെ തുരുത്തിൽ
തീയുണ്ടുറങ്ങുന്നവന്റെ സ്വപ്നങ്ങൾക്ക്
നീർക്കുമിളകളുടെ
വർണായുസ്...

അശാന്തിത്തമ്പിൽനിന്നും
ദുരന്തപ്പൂലർച്ചയിലേക്കാണവന്റെ
ഉണർച്ച...
ചോരച്ചാലുകളും
പച്ചമാംസത്തുണ്ടുകളും
ചരിത്രമെഴുതും...
തെരുവ് താളുകളിലവന്
സ്വന്തമൊരിടമുണ്ട്...

ജനിച്ചമണ്ണും
ജീവഗന്ധങ്ങളും
ആയുസിന്റെയളവുകോലും
മറ്റാരോ തട്ടിപ്പറിച്ചെടുത്തിട്ടും,

മരണത്തിന്റെ
ഒറ്റയടിപ്പാതയിലേക്കുള്ള
സ്വാതന്ത്ര്യം
അവന്റെ വ്രണിതബോധത്തി-
ലഗ്നിച്ചിറകാർന്ന്
പുതിയൊരാകാശത്തേക്ക്.....!

●

**ടി.കെ അലി പൈങ്ങോട്ടായി**

# സാക്ഷി

നിലാവിനോട്
സംവദിക്കുമ്പോൾ
നിഴലെനിക്കു സാക്ഷി
നിഗൂഢകൃത്യത്തിനിടയിൽ
വിരൽ രേഖ സാക്ഷി
വിരഹ വേദനക്ക്
വിഹായസ്സ് സാക്ഷി
വിധവയുടെ രോദനത്തിന്
കടൽതന്നെ സാക്ഷി
അനാഥന്റെ കണ്ണീരിന്
വരുംകാലം സാക്ഷി
മനസ്സിന്റെ വികൃതിക്ക്
മനസ്സാക്ഷി സാക്ഷി
നക്ഷത്രങ്ങളിലേക്ക്
കണ്ണയക്കുമ്പോൾ
സ്വപ്നങ്ങളെനിക്ക് സാക്ഷി
സത്യസാക്ഷ്യമാം ദൗത്യത്തിന്
ദൈവം തന്നെ സാക്ഷി!

● **യു.എം ഫവാസ് മാറഞ്ചേരി**